130 (1490) കൊല്ലം ഡി.റ്റി.പി.സി.

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി.റ്റി.പി.സി.കൾ ഏത് ആക്ടിലെ വ്യവസ്ഥ പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) കൊല്ലം ഡി.റ്റി.പി.സി. ഏത് വർഷം രജിസ്റ്റർ ചെയ്തു;

(സി) ഏറ്റവും ഒടുവിൽ ഈ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സ്ഥാപനത്തിന്റെ ഏതു വർഷം വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തു രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്;

(ഇ) 1997-98, 1998-99, 1999-2000 ഈ മൂന്നു വർഷങ്ങളിൽ എത്ര തുക വീതം സർക്കാർ ഈ സ്ഥാപനത്തിന് അനുവദിച്ചു എന്നും എത്ര തുക വീതം ചെലവാക്കി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1955-ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ് ഡി.റ്റി.പി.സികൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ബി)&(സി) 21.12.1988-ൽ രജിസ്റ്റർ ചെയ്തു. രജിസ്ട്രേഷൻ കാലാവധി ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

(ഡി) 1997-1998 വരെയുള്ള കണക്കുകളുടെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഇ)

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1997-1998	39,55,238/-	39,55,238/-
1998-1999	22,53,334/-	12,53,334/-
1999-2000	ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. അനുയോജ്യമായ പ്രോജക്ട് ലഭിക്കുന്നമുറയ്ക്ക് പണം അനുവദിക്കുന്നതാണ്.	

131 (1491) കൊല്ലം ഡി.റ്റി.പി.സി.യിലെ സെക്രട്ടറി തസ്തിക

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡി.റ്റി.പി.സി.യിൽ എന്നുമുതലാണ് മെമ്പർ സെക്രട്ടറിയുടെ തസ്തികയിൽ ആളില്ലാതായത് എന്ന് വ്യക്തമാക്കുമോ;

(ബി) മെമ്പർ സെക്രട്ടറി തസ്തികയിൽ ആളില്ലാതായശേഷം സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ആരാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) 28.7.1998 ലെ 254/88/ജിഎഡി നമ്പർ ഉത്തരവുപ്രകാരം ഉദ്യോഗസ്ഥനല്ലാത്ത ഒരാളെ മെമ്പർ സെക്രട്ടറിയായി നിയമിക്കാൻ വ്യവസ്ഥയുണ്ടോ;

(ഡി) ഉദ്യോഗസ്ഥനല്ലാത്ത ഇപ്പോഴത്തെ എക്സിക്യൂട്ടീവ് സെക്രട്ടറി സാമ്പത്തിക ഇടപാടുകൾ നടത്തുന്നുണ്ടോ; എങ്കിൽ അത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കൊല്ലം ഡി.റ്റി.പി.സി.യുടെ സെക്രട്ടറി തസ്തികയിൽ ഒരു ഫുൾടൈം ഓഫീസർ ജോലി ചെയ്യുന്നുണ്ട്.

(സി) 28.7.1988 ലെ ഉത്തരവിൽ തുല്യ നിലയിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാനാണ് പറഞ്ഞിട്ടുള്ളത്. ഇപ്രകാരം നിയമിക്കപ്പെടുവാൻ അനുയോജ്യനായ ആൾ ലഭ്യമല്ലാതെ വരുന്ന പക്ഷം ടൂറിസംരംഗത്ത് യോഗ്യതനേടിയ മറ്റൊരാളെ നേരിട്ടു നിയമിക്കുവാൻ കഴിയും. ഇത് ഗവൺമെന്റിന്റെ അംഗീകാരത്തിനു വിധേയമായിട്ടായിരിക്കണം.

(ഡി) കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡിയിൽനിന്നും പരിശീലനം സിദ്ധിച്ച ഒരാളെയാണ് കൊല്ലം ഡി.റ്റി.പി.സി.യിൽ സെക്രട്ടറിയായി നിയമിച്ചിട്ടുള്ളത്. ഡി.റ്റി.പി.സി.യുടെ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് സെക്രട്ടറി സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. വരവുചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

ഓരോ ഡി.റ്റി.പി.സി.ക്കും ഓരോ സെക്രട്ടറി ഉണ്ട്. ഈ തസ്തികയെ മെമ്പർ സെക്രട്ടറി എന്നോ എക്സിക്യൂട്ടീവ് സെക്രട്ടറി എന്നോ പറയാറില്ല.

132 (1492) ആലപ്പുഴയിലെ വിനോദസഞ്ചാര പദ്ധതികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം ആലപ്പുഴയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്നതും തുടർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപവീതം ചെലവ് പ്രതീക്ഷിക്കുന്നുണ്ട്;

(സി) പദ്ധതി നടത്തിപ്പിനായി ആവശ്യമായ തുക നീക്കിവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാന ടൂറിസം വകുപ്പ് ആലപ്പുഴയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും തുടർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ തുക നീക്കിവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly